LIBRARY ARCHIVES Kerala Legislative Assembly

കർഷക സഹായ പദ്ധതികൾ

207 (1680) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ മഴയിൽ വിളനാശം സംഭവിച്ച കർഷകർക്ക് നിലവിൽ ലഭ്യമാക്കുന്ന നഷ്ടപരിഹാരം കുറവായതിനാൽ ഇത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉല്പാദനച്ചെലവ് വളരെ കൂടുതലും നഷ്ടപരിഹാരം വളരെ കുറവുമായ സാഹചര്യത്തിൽ കർഷകരെ ആത്മഹത്യയിൽനിന്നും രക്ഷിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾമൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനില്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകി വന്നിരുന്നത്. അതുകാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF-ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ (എംഎസ്.) നമ്പർ 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക്

ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ധനസഹായത്തിൽ വന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-4-2015 മുതൽ പ്രാബല്യത്തിൽ 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾമൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി പദ്ധതി

208 (1681) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത് എന്നും ഓരോ പദ്ധതിയുടെയും അടങ്കൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും കെ.എൽ.ഡി.സി. നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു*.

പച്ചത്തേങ്ങ സംഭരണം

209 (1682) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കർഷകരിൽനിന്നും എത്ര രൂപയ്ക്കാണ് പച്ചത്തേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ജൂലൈയിൽ കൊപ്ര വില ഉയർന്നപ്പോൾ വില പിടിച്ചുനിർത്താൻ 20 കോടി രൂപ കേരഫെഡിന് നൽകാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ; എങ്കിൽ എത്ര കോടി രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly